പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1440 **16-10-2026-ൽ മറുപടിയ്ക്ക്**

കുന്ദമംഗലത്തെ കാർഷിക മേഖലയുടെ വികസനവും സബ്സിഡി ആനുകൂല്യങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. എം. എ. റസാഖ് മാസ്റ്റർ	ശ്രീ. ടി. സിദ്ദീഖ് (കൃഷി വകുപ്പ് മന്ത്രി)

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ നെല്ല്, തെങ്ങ്, പച്ചക്കറി കൃഷി മേഖലകളിൽ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളികളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. നെൽകൃഷിയിൽ തൊഴിലാളികളുടെ ലഭ്യതക്കുറവും കൂലിച്ചെലവിന്റെ വർധനവും, കാലാവസ്ഥാ വ്യതിയാനവും വെള്ളക്കെട്ട് / വരൾച്ചയും, കീടരോഗബാധയും പ്രധാന വെല്ലുവിളികളാണ്. യന്ത്രവത്കരണം സാധ്യമാവാത്തതും തൊഴിലുറപ്പ് തൊഴിലാളികളെ തരിശു കൃഷിക്കല്ലാതെ സാധാരണ നെൽകൃഷിക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാത്തതും വെല്ലുവിളിയാണ്. VB-GRAMG (Viksit Bharat- Guarantee for Rozgar & Ajeevika Mission (Gramin) പദ്ധതിയിലേക്ക് മാറിയതിനാൽ കൃഷി സംബന്ധമായ ആവർത്തന പ്രവർത്തനങ്ങളൊന്നും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയില്ല. സപ്ലൈകോ മുഖേന നെല്ല് സംഭരണം യഥാസമയം നടക്കാതിരിക്കുന്നതും സംഭരണത്തിന്റെ തുക യഥാസമയം ലഭ്യമാക്കാത്തതും , നെല്ല് സൂക്ഷിക്കുന്നതിന്റെ പ്രയാസവും കർഷകർ നേരിടുന്നുണ്ട്.

തെങ്ങുകൃഷിയിൽ മണ്ഡരി, ചെമ്പൻചെല്ലി, കൊമ്പൻചെല്ലി, കൂമ്പുചീയൽ തുടങ്ങിയ കീടരോഗ പ്രശ്നങ്ങളും ഉത്പാദനച്ചെലവിന്റെ വർധനവും കർഷകരെ ബാധിക്കുന്നു. തെങ്ങുകയറ്റത്തൊഴിലാളികളുടെ അഭാവം ഒരു പ്രധാന വെല്ലുവിളിയാണ്. കൂടാതെ രാസവളത്തിന്റെ വിലവർദ്ധനവ്, ജലദൗർബല്യം മൂലമുള്ള ഉത്പാദനക്കുറവ്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കാത്തത്, വിലയിലെ അസ്ഥിരത, പ്രതികൂല കാലാവസ്ഥ എന്നിവയും വെല്ലുവിളികളാണ്.

പച്ചക്കറി കൃഷിയിൽ വന്യജീവി ആക്രമണം, വിത്ത്-വളം ഉൾപ്പെടെയുള്ള ഇൻപുട്ടുകളുടെ വിലവർധന, കീട-രോഗബാധ, പ്രതികൂല കാലാവസ്ഥ, തൊഴിലാളികളുടെ ലഭ്യതക്കുറവ്, വിലയിലെ ഏറ്റക്കുറച്ചിൽ, വിളവെടുപ്പിനും വിപണനത്തിനുമുള്ള സൗകര്യങ്ങളുടെ പരിമിതി എന്നിവയും കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. ശീതീകരിച്ച സ്റ്റോറേജ് സൗകര്യക്കുറവ്, കുറഞ്ഞ സൂക്ഷിപ്പ് കാലാവധി, ഉല്പാദകരിൽ നിന്നും ഉപഭോക്താക്കളിലേക്കുള്ള ട്രാൻസ്പോർട്ടേഷൻ (ലോജിസ്റ്റിക്സ്) സംവിധാനങ്ങളുടെ അഭാവവും, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രയാസങ്ങളും പ്രധാന പ്രശ്നങ്ങളാണ്.

(ബി) മണ്ഡലത്തിലെ കർഷകർക്കായി അനുവദിച്ചിട്ടുള്ള കാർഷിക സബ്സിഡികളും ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാന-കേന്ദ്രാവിഷ്കൃത കാർഷിക പദ്ധതികൾക്ക് നിലവിലുള്ള മാർഗനിർദേശങ്ങൾക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കർഷകർക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നു. അപേക്ഷകൾ കൃഷിഭവൻ തലത്തിൽ പരിശോധിച്ച് സ്ഥല പരിശോധന നടത്തി, അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും, ആവശ്യമായ രേഖകളും പരിശോധനകളും പൂർത്തിയാക്കി അംഗീകൃത നടപടിക്രമം അനുസരിച്ച് സബ്സിഡി അക്കൗണ്ട് വഴി വിതരണം ചെയ്യുകയും ചെയ്യുന്നു. വിതരണത്തിലെ കാലതാമസം കുറയ്ക്കുന്നതിനായി അപേക്ഷകളുടെ നില നിരീക്ഷിക്കുക, അപൂർണ്ണമായ രേഖകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഗുണഭോക്താക്കളെ അറിയിക്കുക, ഫണ്ട് ലഭ്യതയും ബില്ലുകളുടെ നിലയും ബന്ധപ്പെട്ട മേലധികാരികളുമായി ഏകോപിപ്പിക്കുക, തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കൃഷിഭവനുകൾ മുഖേന കൃഷി പ്രോത്സാഹനത്തിനായി നൽകിവരുന്ന മൂല്യവർദ്ധിത ഉല്പാദന പദ്ധതികളും വിപണന സൗകര്യങ്ങളും വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

മറുപടി: സ്വീകരിക്കുന്നതാണ്. കർഷക ഉൽപ്പാദക സംഘടനകൾ, സ്വയംസഹായ സംഘങ്ങൾ, കർഷക കൂട്ടായ്മകൾ എന്നിവയുടെ പങ്കാളിത്തത്തോടെ വിളകളുടെ ശേഖരണം, തരംതിരിക്കൽ, പാക്കിംഗ്, സംസ്കരണം, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവ നിലവിലുള്ള പദ്ധതികൾക്കനുസരിച്ച് പ്രോത്സാഹിപ്പിക്കുന്നുണ്ട്. മില്ലറ്റ് കഫേ, ഇക്കോ ഷോപ്പ്, അഗ്രിഗേറ്റർ, തുടങ്ങിയവ നടത്തുന്നുണ്ട്. കേരളഗ്രോ ബ്രാന്റിംഗ് നൽകുന്നുണ്ട്. SMAM (സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ) മുഖേന മെഷിനറികൾ വാങ്ങുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നു. അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചറൽ ഫണ്ട് (AIF) മുഖേന അർഹരായ ഗുണഭോക്താക്കൾക്ക് മൂല്യവർദ്ധനവിനും യന്ത്രവത്കരണത്തിനുമായി വായ്പകൾ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ